പുതിയ ബസ് സ്റ്റേഷനുകളുടെ പണി ത്വരിതപ്പെടുത്താൻ നടപടി

84 [2953] ശ്രീ. പി.കെ.കെ. ബാവ:
,, സി. മോയിൻകുട്ടി:
,, കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര പുതിയ ബസ് സ്റ്റേഷനുകൾ തുറന്നു പ്രവർത്തിച്ചു;

(ബി) ഇനിയും എവിടെയെല്ലാം എത്ര പുതിയ ബസ് സ്റ്റേഷനുകൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇതിനായി സ്ഥലം എടുത്തുകഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ പുതിയ ബസ് സ്റ്റേഷനുകളുടെ പണി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം പുതിയ സ്റ്റേഷനുകൾ ഒന്നും തുറന്നിട്ടില്ല.

(ബി, സി ആൻറ് ഡി) ആവശ്യത്തിനുള്ള സ്ഥലവും കെട്ടിടങ്ങളും ലഭിക്കുന്ന മുറയ്ക്ക് ചില യൂണിറ്റുകൾ സബ് ഡിപ്പോയായി ഉയർത്തുന്ന കാര്യം ആലോചിക്കുന്നുണ്ട്.

റിസർവ്വ് കണ്ടക്ടർമാർ

85 [2954] ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ കണ്ടക്ടർ തസ്തികയിലേക്ക് കെ. പി. എസ്. സി. തെരഞ്ഞെടുത്ത് 5-10-2004-നുശേഷം അഡ്വൈസ് ചെയ്ത് നിയമിതരായി, ആറുമാസം കഴിഞ്ഞവർക്കും അതിനു മുമ്പുവരെ നിയമനത്തിനു അഡ്വൈസ് ചെയ്തവരെപ്പോലെ റിസർവ്വ് കണ്ടക്ടർമാരാക്കി ആനുകൂല്യങ്ങളും അനുവദിക്കുന്നതിനു സത്വര നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്നത്തേക്ക് നടപടി പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആൻറ് ബി) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly